പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6518 — 03.04.2018 ന് മറുപടിയ്ക്ക്.

## ദേശീയ നൈപുണി യോഗ്യതാ ചട്ടക്കൂട്

| *ചോദ്യം*<br>ശ്രീ.കെ. ദാസൻ : | *ഉത്തരം*<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| **(എ)** ദേശീയ നൈപുണി യോഗ്യതാ ചട്ടക്കൂട് (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്) അനുശാസിക്കുന്ന വിധത്തിലുള്ള തൊഴിൽ വിദ്യാഭ്യാസത്തിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br><br>**(ബി)** ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നും കോഴ്സുകൾ ഏതെല്ലാമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ? | **(എ) & ബി)**<br><br>ദേശീയ നൈപുണി യോഗ്യതാ ചട്ടക്കൂട് അനുശാസിക്കുന്ന വിധത്തിലുള്ള പദ്ധതികളൊന്നും തന്നെ തൊഴിൽ വകുപ്പ് നേരിട്ട് നടത്തുന്നില്ല. എന്നാൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) അക്രഡിറ്റഡ് സ്ഥാപനമായ ഏത്തിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ എക്സലൻസ്, പാലക്കാട്-ന്റെ ഹോസ്പിറ്റാലിറ്റി മേഖലയിലെ കിച്ചൺ സ്റ്റീവർഡ്, ഫുഡ് & ബിവറേജ് ട്രെയിനർ, ഹൗസ് കീപ്പിംഗ് അറ്റൻഡന്റ് എന്നീ കോഴ്സുകൾ ടൂറിസം & ഹോസ്പിറ്റാലിറ്റി സെക്ടർ സ്കിൽ കൗൺസിലുമായി യോജിപ്പിച്ച് ദേശീയ നൈപുണി യോഗ്യതാ ചട്ടക്കൂട് പ്രകാരം നടത്തി വരുന്നുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ